തൊഴിലാളികൾക്ക് ക്ഷേനിധി രൂപീകരിക്കുന്നതിനുള്ള ക്ഷേമനിധി ബിൽ മന്ത്രി സഭ അംഗീകരിച്ചിട്ടുണ്ട്. ഇത് താമസിയാതെ തന്നെ ബില്ലായി അവതരിപ്പിക്കുന്നതാണ്. കടകളിലേയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ

56 (208) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതർ എത്രയായിരുന്നു ;

(ബി) 2000 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 30-4-1996 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 3108376 ആയിരുന്നു.

(ബി) 2000 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം 3784268 ആണ്.

ആശ്രാമം ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി

57 (209) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രാമം ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് തറക്കല്ലിട്ടത് എന്നാണ് ;

(ബി) കെട്ടിടത്തിന്റെ പ്ലാനും ഡിസൈനും തയ്യാറാക്കി നൽകുന്നതിലും തുടർ നടപടി സ്വീകരിക്കുന്ന കാര്യത്തിലും കേരള സർക്കാരിന്റെ താല്പര്യക്കുറവാണ് ആശുപത്രി യാഥാർത്ഥ്യമാകാത്തതിന് കാരണമെന്ന മുൻകേന്ദ്രതൊഴിൽ വകുപ്പ് മന്ത്രിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശുപത്രി കെട്ടിടത്തിന്റെ പണി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ആശുപത്രി പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly